LIBRARY ARCHIVES Kerala Legislative Assembly

കോടതി കണ്ടുകെട്ടിയ ബസ്സുകൾ

96 [2223] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രൈബ്യൂണലുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അറ്റാച്ചുമെന്റ് നടത്തി ഇട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കോടതി കണ്ടുകെട്ടിയിട്ടുള്ള ബസ്സുകളുടെ എണ്ണം എത്രയാണ്;

(സി) ആകെ കേസുകളുടെ എണ്ണവും നഷ്ടപരിഹാര തുകയും എത്രയെന്ന് അറിയിക്കാമോ;

(ഡി) സർവ്വീസ് ബസ്സുകൾ കോടതി പിടിച്ചെടുക്കാൻ ഇടയായ സാഹചര്യവും നഷ്ടപരിഹാരം നൽകാൻ വൈകിയതിന്റെ കാരണങ്ങളും വിശദമാക്കുമോ;

(ഇ) ബസ്സുകൾ വിട്ടുകിട്ടാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 21.

(സി) 36 കേസ്സുകളിലായി 73,36,229 രൂപ (എഴുപത്തിമൂന്ന് ലക്ഷത്തി മുപ്പത്താറായിരത്തി ഇരുന്നൂറ്റി ഇരുപത്തൊൻപതു രൂപ) നൽകാനുണ്ട്.

(ഡി) സാമ്പത്തിക പ്രതിസന്ധി മൂലം നഷ്ടപരിഹാരത്തുക യഥാസമയം നൽകാൻ വൈകുകയും അതുമൂലം ബസ്സുകൾ കോടതി പിടിച്ചെടുക്കാൻ ഇടയാകുകയും ചെയ്തു.

(ഇ) സാമ്പത്തിക സ്ഥിതി അനുസരിച്ച് പണം അടച്ച് ബസ്സുകൾ റിലീസ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

കാസർഗോഡ് ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ ബസ്സുകൾ

97 [2224] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പുതിയ ബസ്സുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാലു പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

സിറ്റി സർവ്വീസ് നടത്തുന്ന നഗരങ്ങൾ

98 [2225] ശ്രീ. പി. ജെ. ജോയി:

" എ. പി. അനിൽകുമാർ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് നടത്തുന്നുണ്ട്;

(ബി) എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് സിറ്റി സർവ്വീസ് നടത്തുവാൻ ഉദ്ദേശമുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) പ്രസ്തുത നഗരങ്ങളിൽ സിറ്റി സർവ്വീസ് ലാഭകരമായി നടത്തുവാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ സിറ്റി സർവ്വീസ് നടത്തുന്നുണ്ട്.

(ബി) പരിഗണനയിൽ ഇല്ല.

(സി ആന്റ് ഡി) ധാരാളം പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്ന ഈ നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് നടത്തുന്നത് ലാഭകരമായിരിക്കില്ല.

കിളിമാനൂർ ഡിപ്പോയിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനരാരംഭിക്കുവാൻ നടപടി

99 [2226] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(ബി) ഏതെങ്കിലും ഷെഡ്യൂൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഏതെല്ലാം ഷെഡ്യൂളുകളാണ് നിർത്തലാക്കിയത്;

(ഡി) നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ;

(ഇ) നിർത്തലാക്കിയ ഷെഡ്യൂളുകൾ സമയം ക്രമീകരിച്ച് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly